Volume: 1, Issue: 10

# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ജൂലൈ 13 ചൊവ്വ 2021

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം

# നിയന്ത്രണങ്ങൾ കർശനമാക്കി പഞ്ചായത്ത്

- ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 15 ശതമാനം.
- പഞ്ചായത്ത് 'സി ഗ്രേഡ്' വിഭാഗത്തിൽ

**വിപിൻ വില്ല്യം**



കോവിഡ് നിയന്ത്രണങ്ങൾ കർശനമായതോടെ വിജനമായ അങ്ങാടി ടൗൺ

അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ കോവിഡ് കേസുകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ നിയന്ത്രണങ്ങൾ കർശനമാക്കി പഞ്ചായത്ത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 10-15 ശതമാനത്തിൽ ആയതിനാൽ പഞ്ചായത്ത് ഇപ്പോൾ 'സി ഗ്രേഡ്' വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്.

കോവിഡ് നിയന്ത്രണ വിധേയമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേലിന്റെ നേതൃത്വത്തിൽ സുരക്ഷാസമിതി യോഗം ചേർന്ന് തീരുമാനങ്ങൾ എടുത്തു. പഞ്ചായത്ത് പരിധിയിലെ അവശ്യ സർവ്വീസ് കടകൾ മാത്രം 7 മുതൽ 7 വരെ തുറന്ന് പ്രവർത്തിക്കാം. മറ്റ് കച്ചവട സ്ഥാപനങ്ങൾ വെള്ളിയാഴ്ചകളിൽ മാത്രം തുറന്നു പ്രവർത്തിക്കുന്നതാണ്.

വ്യാപാര സ്ഥാപനങ്ങളിൽ എസ്. എം. എസ് പ്രോട്ടോകോൾ, രജിസ്റ്റർ ബുക്ക് എന്നിവ പാലിക്കേണ്ടതാണ്. വ്യാപാരികൾ, ഓട്ടോ-ടാക്സി തൊഴിലാളികൾ, മറ്റ് ജീവനക്കാർ എന്നിവർ ആർടിപിസിആർ ടെസ്റ്റ് ജൂലൈ 13 ചൊവ്വാഴ്ചക്കുള്ളിൽ നടത്തണം. കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് കൈവശം ഉണ്ടെങ്കിൽ മാത്രമേ സ്ഥാപനങ്ങൾ തുടർന്ന് പ്രവർത്തിക്കുവാൻ അനുവാദം ലഭിക്കുകയുള്ളൂ. പഞ്ചായത്ത് പരിധിയിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള യാത്രകൾ കർശനമായി നിരോധിച്ചിരിക്കുന്നു. ആരാധാനാലയങ്ങളിൽ ഗവൺമെന്റ് നിർദ്ദേശപ്രകാരം ആരാധനകൾ നടത്തുക എന്നിവയാണ് മറ്റ് പ്രധാന തീരുമാനങ്ങൾ.

യോഗത്തിൽ വൈസ് പ്രസിഡണ്ട് ലിസി തോമസ്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മിനി വിശ്വനാഥൻ, മെഡിക്കൽ ഓഫീസർ അനു ജോസ്, എച്ച്. ഐ. രാജീവ്, മോഹൻദാസ്, വില്ലേജ് ഓഫീസർ മനോജ്, സെക്രട്ടറി ഉണ്ണികൃഷ്ണൻ ടി എം എന്നിവർ പങ്കെടുത്തു.

**ആർടിപിസിആർ ടെസ്റ്റ് എവിടെയൊക്കെ?**

- എല്ലാ ചൊവ്വാഴ്ചയും അങ്ങാടിക്കടവ് പി എച്ച് സി യിൽ ഉച്ചകഴിഞ്ഞ് 2 മണിമുതൽ.
- കരിക്കോട്ടക്കരി പി എച്ച് സി യിൽ ഞായർ രാവിലെ 9 മണി മുതൽ.
- കിളിയന്തറ ചെക്ക് പോസ്റ്റിൽ എല്ലാ ദിവസവും.

"'അയ്യൻകുന്ന് പഞ്ചായത്തിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് വർദ്ധിച്ചതിനാൽ കൂടുതൽ പരിശോധനയും നിയന്ത്രണങ്ങളും ഉണ്ടാകും. രോഗലക്ഷണങ്ങൾ ഉള്ളവർ മാത്രമല്ല എല്ലാവരും, എല്ലാ മേഖലയിലുള്ളവരും കോവിഡ് ടെസ്റ്റിന് വിധേയരാകണം'.



**കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ**
**പഞ്ചായത്ത് പ്രസിഡന്റ്**

'അശാസ്ത്രീയമായ ഒരു തീരുമാനമാണ് ജില്ലാ കലക്ടറുടെ ഭാഗത്തു നിന്നും വന്നിരിക്കുന്നത്. അങ്ങാടിയിലെ വ്യാപാരികൾ, തൊഴിലാളികൾ ഉൾപ്പെടെ 150 ഓളം പേരെ ടെസ്റ്റ് നടത്തിയെങ്കിലും എല്ലാവരും നെഗറ്റീവാണ്. കോളനികളിലും മറ്റ് സ്ഥലങ്ങളിലും കോവിഡ് കേസുകൾ വർദ്ധിച്ചതിന്റെ ഫലമായാണ് പഞ്ചായത്തിൽ ടെസ്റ്റ് പോസിറ്റീവിറ്റി കൂടിയത്. ഇതിന്റെ പരിണിത ഫലം അനുഭവിക്കുന്നത് വ്യാപാര സ്ഥാപനങ്ങളും. ആഴ്ച്ചയിൽ ഒരുദിവസം മാത്രം കടകൾ തുറക്കുന്ന തീരുമാനം പുന:പരിശോധിച്ചില്ലെങ്കിൽ മുഴുവൻ കടകളും അടച്ചിട്ട് പ്രതിഷേധിക്കാൻ ഒരുങ്ങുകയാണ് വ്യാപാരികൾ'.



**ജോർജ്ജ് ഒറ്റപ്ലാക്കൽ**
**വ്യാപാരി വ്യവസായി പ്രസിഡന്റ്**

'ആർടിപിസിആർ ടെസ്റ്റ് നടത്തി നെഗറ്റീവ് സർട്ടിഫിക്കേറ്റ് ഉണ്ടെങ്കിൽ മാത്രമേ ഓട്ടോ ഓടിക്കാൻ പാടുള്ളൂ എന്നാണ് നിയമം. ഈ സർട്ടിഫിക്കേറ്റിന്റെ കാലാവധി വെറും 72 മണിക്കൂർ മാത്രമാണ്. ഇടക്കിടെ പോയി ടെസ്റ്റ് നടത്തുക ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യമാണ്. കൂടാതെ ഇടക്കിടെയുള്ള ഡീസൽ - പെട്രോൾ വില വർദ്ധനയും വരുമാനത്തെ ബാധിക്കുന്നു'.



**ബിജു തണങ്ങാട്ട്**
**ഓട്ടോഡ്രൈവർ**

'കർശന നിയന്ത്രണങ്ങളും കടയടക്കലും ഏറ്റവും കൂടുതൽ ബാധിക്കുന്നത് സാധാരണ ജനങ്ങളെയാണ്. പ്രത്യേകിച്ച് പ്ലംബിംങ്, ഇലക്ട്രിക്, നിർമ്മാണ തൊഴിലാളികളെയാണ്. പല പണികളും പൂർത്തീകരിക്കാൻ കഴിയാതെ പോകുന്നു. പലർക്കും ജോലി ഇല്ലാതെയും വരുന്നു'.



**ബിജേഷ് ഈന്തുംകുഴിയിൽ**
**പ്രദേശവാസി**

## എടൂർ - പാലത്തുംകടവ് റോഡ് നിർമ്മാണം അനിശ്ചിതത്വത്തിൽ



പന്ത്രണ്ട് മീറ്റർ വീതിക്കായി തിരഞ്ഞെടുത്ത അങ്ങാടിക്കടവിലെ സ്ഥലപരിമിതി നേരിടുന്ന പ്രദേശം

**അനുശ്രീ. കെ**

എടൂർ - പാലത്തുംകടവ് റൂട്ടിൽ 25 കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് വരാനിരിക്കെ, അങ്ങാടിക്കടവ് ഭാഗത്തെ റോഡിന്റെ വീതിയിൽ ഇനിയും തീരുമാനമായിട്ടില്ല. 'എല്ലാ ടൗണുകളിലും പന്ത്രണ്ടു മീറ്റർ വീതി എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഇപ്പോൾ പത്തു മീറ്റർ വീതി ആണ് അങ്ങാടിക്കടവിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നിലവിൽ കേരള ട്രാൻസ്പോർട്ട് പ്രൊജക്റ്റ് (കെ.എസ്. ടി. പി ) എടുത്തിരിക്കുന്ന എസ്റ്റിമേറ്റിൽ പന്ത്രണ്ട് മീറ്റർ എന്ന വീതി രേഖപ്പെടുത്തിയിട്ടില്ല. ഈ വിവരം അതോറിറ്റി എഞ്ചിനീയർ (എ.ഇ), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എ. എക്സ്. ഇ ) എന്നിവരെ അറിയിച്ചിട്ടുണ്ട്'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

കള്ള് ഷാപ്പ് മുതൽ വില്ലേജ് ഓഫീസ് വരെയുള്ള ദൂരമാണ് പന്ത്രണ്ടു മീറ്റർ റോഡിനായി തിരഞ്ഞെടുത്തിരിക്കുന്നത്. ടൗണുകളിൽ വീതി കുറച്ചു കഴിഞ്ഞാൽ അങ്ങാടിക്കടവിന്റെ വികസനത്തെ സാരമായി ബാധിക്കുന്നതിനാൽ പന്ത്രണ്ട് മീറ്റർ വീതി തന്നെ ഉറപ്പാക്കുമെന്നും പഞ്ചായത്ത് പ്രസിഡന്റ് വ്യക്തമാക്കി.

വ്യാപാരി വ്യവസായികൾ എല്ലാം തന്നെ റോഡിനായി സ്ഥലം വിട്ടുനൽകാൻ തയ്യാറാണ്. വ്യാപാരി വ്യവസായി പ്രസിഡന്റ് ജോർജ്ജ് ഒറ്റപ്ലാക്കൽ പറഞ്ഞു. 'നഷ്ടപരിഹാരം നൽകണമെന്ന് സ്ഥലം വിട്ടുനൽകുന്നവർ ആവശ്യപ്പെട്ടിട്ടുണ്ട്, പൊതുവെ കെ. എസ്. ടി. പി യ്ക്ക് വേണ്ടി സ്ഥലം വിട്ടു നൽകുന്നതിൽ നഷ്ടപരിഹാരം ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും ഇതിനെ പറ്റി ചർച്ച ചെയ്യും' എന്നും പഞ്ചായത്ത് പ്രസിഡന്റ് കുര്യച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

'അങ്ങാടിക്കടവ് ഭാഗത്ത് പൊതുവെ സ്ഥലപരിമിതി ഉള്ളതിനാൽ റോഡിന്റെ വീതി പത്തിൽ നിന്ന് പന്ത്രണ്ട് മീറ്റർ വീതിയിലേക്ക് മാറ്റുന്നതിനായി എം. എൽ. എ യുമായി ചർച്ച നടത്തണം. കൂടാതെ സ്ഥലം വിട്ടു നൽകേണ്ട ജനങ്ങളെ വ്യക്തിപരമായി ബന്ധപ്പെട്ട് അവരുടെ തീരുമാനവും കൂടി പരിഗണിക്കേണ്ടതുണ്ട് 'എ. എക്സ്. ഇ ഷീല വ്യക്തമാക്കി. 'പഞ്ചായത്തും, വ്യാപാരികളും, നാട്ടുകാരും റോഡിന് പന്ത്രണ്ട് മീറ്റർ വീതി വേണമെന്ന അപേക്ഷ സമർപ്പിച്ച്, വിവരാവകാശ നിയമ പ്രകാരം അനുമതി ലഭിച്ചാൽ മാത്രമേ നിലവിൽ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള പത്തു മീറ്റർ വീതി പന്ത്രണ്ട് മീറ്റർ ആക്കി മാറ്റുവാൻ സാധിക്കുകയുള്ളൂ' എന്ന് റോഡ് നിർമ്മാണ പ്രതിനിധികളും പറഞ്ഞു.

## ഹോട്ടലുകാർ ദുരിതത്തിൽ




ആളൊഴിഞ്ഞ അങ്ങാടിക്കടവിലെ അമ്പിളി ഹോട്ടൽ

**മിൻസിയ നസ്രി**

കോവിഡ് നിയന്ത്രണങ്ങൾ ശക്തമായതോടെ വഴിമുട്ടിയ നിലയിലാണ് അങ്ങാടിക്കടവിലെ ഹോട്ടൽ വ്യവസായം. മറ്റ് ആവശ്യങ്ങൾക്കായി എത്തുന്ന ആളുകളുടെ കുറവും പുതിയതായി ഏർപ്പെടുത്തിയ സമയ നിയന്ത്രണവും മൂലം ഹോട്ടലുകളിൽ കച്ചവടം നന്നേ കുറഞ്ഞു. ലോക്ക്ഡൗണിന് അടച്ചിട്ട പല ഹോട്ടലുകളും തുറന്നു പ്രവർത്തിക്കാൻ തുടങ്ങിയിട്ട് കുറച്ചു നാളുകളേ ആയിട്ടുള്ളൂ. അയ്യൻകുന്ന് പഞ്ചായത്ത് 'സി ഗ്രേഡ്' വിഭാഗത്തിൽ പെട്ടതോടുകൂടി തുറന്ന ഹോട്ടലുകൾ വീണ്ടും അടച്ചു.

ഹോട്ടൽ മാത്രമാണ് ഹോട്ടൽ ഉടമകളിൽ പലരുടെയും ഉപജീവനമാർഗ്ഗം. ലോൺ എടുത്തും കടം വാങ്ങിയും ഒക്കെയാണ് ഉടമകൾ ഹോട്ടൽ നടത്തിക്കൊണ്ടു പോകുന്നത്. മൂവായിരം മുതൽ പതിനായിരം വരെയാണ് ഹോട്ടൽ മുറിയുടെ വാടക. കൂടാതെ കറന്റ്, ഗ്യാസ് എന്നിവയുടെ ചിലവു കൂടി ആകുമ്പോൾ സാമ്പത്തിക ബുദ്ധിമുട്ട് ഏറുന്നു.

'ബേക്കറി, അരിക്കട പോലുള്ള മറ്റു കടകളെല്ലാം തുറന്നു പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, ഹോട്ടലുകളിൽ ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള അനുവാദമില്ല. പാർസൽ സൗകര്യം മാത്രമേ അനുവദിച്ചിട്ടുള്ളൂ. മലയോര പ്രദേശമായതിനാൽ ആരും പാർസൽ വാങ്ങുന്നില്ല. പാർസൽ വാങ്ങുന്നവരുടെ എണ്ണം വളരെ കുറവാണ്'. അമ്പിളി ഹോട്ടലുടമ എൻ. എസ് മോഹനൻ അറിയിച്ചു.

'മൂന്നിൽ ഒരു സീറ്റിൽ ഇരുത്തി ഭക്ഷണം കൊടുക്കാൻ അനുവാദം ഉണ്ടായിരുന്നെങ്കിൽ നല്ലതായിരുന്നു. അങ്ങനെ ആയാൽ ജനങ്ങളും സഹകരിക്കും. പണി ഇല്ലാത്തിനാലാണ് ഹോട്ടൽ അടച്ചിടുന്നത്. ജോലിക്കാർക്ക് പോലും ശമ്പളം നൽകാൻ പറ്റാത്ത അവസ്ഥയിലാണ്'. അന്നപൂർണ ഹോട്ടലുടമ എൻ. എസ് മുരളീധരൻ ( ശശി) പറഞ്ഞു.

## സെക്ടറൽ മജിസ്ട്രേറ്റായി ജിംസി മരിയ



സെക്ടറൽ മജിസ്ട്രേറ്റ് ജിംസി മരിയ പോലീസ് എസ്കോർട്ടിനൊപ്പം

**അമൃത സുരേന്ദ്രൻ**

കൃഷി ഓഫീസർ, സെക്ടറൽ മജിസ്ട്രേറ്റ് ജിംസി മരിയ ഒരേ സമയം നിർവഹിക്കുന്നത് രണ്ടു ചുമതലകളാണ്. അയ്യൻകുന്ന് പഞ്ചായത്തിലെ കൃഷി ഓഫീസറായ ജിംസി, സെക്ടറൽ മജിസ്ട്രേറ്റായി ചുമതലയേറ്റത് കഴിഞ്ഞ ജൂൺ മാസമാണ്. കോവിഡ് രോഗികളുടെ എണ്ണം വർദ്ധിച്ചതിനെ തുടർന്നാണ് ഈ നിയമനം.

പ്രദേശത്ത് പ്രഖ്യാപിച്ചിട്ടുള്ള നിയന്ത്രണങ്ങളും നിരോധനങ്ങളും ഉറപ്പാക്കുക എന്നതാണ് ഉത്തരവാദിത്വം. ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾ നിരീക്ഷിച്ച് നിയമലംഘകർക്ക് എതിരെ നടപടിയെടുക്കാൻ ഇവർക്ക് അധികാരമുണ്ട്.

വ്യാപാരകേന്ദ്രങ്ങൾ, വിവാഹചടങ്ങുകൾ,ആഘോഷ വേദികൾ, മരണവീടുകൾ തുടങ്ങിയ ആളുകൂടുന്നിടത്ത് ഇവർ എത്തി സുരക്ഷ ഉറപ്പുവരുത്തണം. കടകളിലെ മാനദണ്ഡ ലംഘനം, അനാവശ്യമായി കൂട്ടംകൂടി നിൽക്കൽ, മാസ്ക് ധരിക്കാതിരിക്കുക, പൊതു ഇടങ്ങളിലെ അനാവശ്യസഞ്ചാരം തുടങ്ങിയവ കണ്ടാൽ ഇവർക്ക് കേസെടുക്കാം.

## എഡിറ്റോറിയൽ

# കോവിഡ് മൂന്നാം തരംഗത്തിലേക്കോ?

ആഴ്ചകൾ നീണ്ട അടച്ചുപൂട്ടലിനുശേഷം രാജ്യത്ത് കടുത്ത നിയന്ത്രണങ്ങൾ ഒഴിവാക്കിയ സാഹചര്യത്തിൽ കൊറോണയുടെ മൂന്നാം തരംഗം എത്തിയേക്കാം എന്ന് വിദഗ്ധർ അറിയിച്ചു. ഇത് പ്രതീക്ഷിച്ചതിലും നേരത്തെ ഉണ്ടാകുമെന്നതിന്റെ മുന്നറിയിപ്പുകൾ ഇതിനകം പുറത്തുവന്നുകഴിഞ്ഞു. രണ്ടാം തരംഗത്തെ അപേക്ഷിച്ച് മൂന്നാം തരംഗത്തിൽ കോവിഡ് രോഗികളുടെ എണ്ണം വർദ്ധിച്ചേക്കാം. വാക്സിനേഷൻ ആണ് ഈ മഹാമാരിയിൽ നിന്ന് രക്ഷപ്പെടാനുള്ള ഏക മാർഗ്ഗമെന്ന് കണ്ടെത്തലുകൾ ചൂണ്ടിക്കാട്ടുന്നു. എത്രയും പെട്ടെന്ന് ജനങ്ങളിലേക്ക് വാക്സിൻ എത്തിക്കാനുള്ള പദ്ധതിയിലാണ് ആരോഗ്യവകുപ്പ്. പരമാവധി ജനങ്ങളിൽ കോവിഡ് വാക്സിൻ കുത്തിവെക്കുക എന്നത് ഈ സാഹചര്യത്തെ നേരിടാൻ അനിവാര്യമാണെന്ന് ഡോക്ടർ രൺദീപ് ഗുലേറിയ അഭിപ്രായപ്പെട്ടിരുന്നു. അൺലോക്ക് നടപടി ആരംഭിക്കുമ്പോൾ ഏറെ ശ്രദ്ധവേണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചു. മാസ്ക്കുകളുടെ ഉപയോഗം, കൈ കഴുകുക, സാമൂഹിക അകലം എന്നിവ പാലിച്ചും വ്യാപാരസ്ഥാപനങ്ങൾ സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് മാത്രം പ്രവർത്തിച്ചുമൊക്കെ നമുക്ക് ഈ തരംഗവും തരണം ചെയ്യാം. മൂന്നാം തരംഗം കുട്ടികളെ കൂടി ബാധിച്ചേക്കാം. അതുകൊണ്ടുതന്നെ മെഡിക്കൽ കോളേജുകൾ, മറ്റ് സർക്കാർ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ ചികിത്സ സൗകര്യങ്ങളും പീഡിയാട്രിക് ഐസിയു കിടക്കകളും വർധിപ്പിച്ചു വരുകയാണ്. മൂന്നാം തരംഗത്തിന് മുന്നോടിയായി എല്ലാ ജനങ്ങളിലേക്കും വാക്സിൻ എത്തിക്കാൻ സാധിക്കണമെന്നില്ല. അങ്ങനെയാണെങ്കിൽ അത് കൂടുതൽ വ്യാപനത്തിനും വർദ്ധനത്തിനും കാരണമാകും. അതിനാൽ നമ്മൾ കൂടുതൽ ജാഗ്രത പാലിച്ചേ മതിയാകൂ.

അങ്ങാടിക്കടവ് മേഖലയിൽ വാക്സിനേഷൻ ദ്രുതഗതിയിൽ തന്നെ മുന്നോട്ടു പോകുന്നുണ്ട്. ആരോഗ്യ പ്രവർത്തകരുടെയും ആശാവർക്കറുടെയും നേതൃത്വത്തിൽ പഞ്ചായത്തിലെ എല്ലാവർക്കും വാക്സിൻ നൽകുവാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. എങ്കിലും കോവിഡ് വ്യാപനം ഇപ്പോഴും കുറയാതെ നിലനിൽക്കുന്ന സാഹചര്യത്തിൽ കോവിഡ് മൂന്നാം തരംഗം എത്തിയാൽ അത് തീവ്ര വ്യാപനത്തിന് ഇടയാക്കും. ഈയൊരു പ്രതിസന്ധിയെ പ്രതിരോധിക്കുവാനുള്ള മുന്നൊരുക്കങ്ങൾ പഞ്ചായത്തും ആരോഗ്യ പ്രവർത്തകരും ചേർന്ന് മുൻകൂട്ടി ആസൂത്രണം ചെയ്യേണ്ടതാണ്.

- എഡിറ്റർ

# സർക്കാർ സ്കൂളുകളുടെ മേൽനോട്ടക്കാരൻ

**ജോബിൻ ജേക്കബ്**

അങ്ങാടിക്കടവ് സ്വദേശി ജെയ്സ് എം.ടി. (ജെയ്സൺ മമ്പള്ളിക്കുന്നേൽ) ഇരിട്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായി (എ ഇ ഒ) ഉത്തരവാദിത്വമേറ്റു. വയനാട് ജില്ലയിലെ വാരാമ്പറ്റ ഗവ. സ്കൂൾ പ്രധാനാധ്യാപകനായിരുന്ന അദ്ദേഹം ജൂലൈ മാസം ഒന്നാം തീയതിയാണ് പുതിയ ചുമതല ഏറ്റെടുത്തത്. ഇരിട്ടി ഉപജില്ലക്ക് കീഴിലുള്ള 115 സ്കൂളുകളുടെ ഉത്തരവാദിത്തമാണ് അദ്ദേഹത്തിനുള്ളത്. വിവിധ സ്കൂളുകൾ സന്ദർശിച്ച് അവ സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോ പ്രവർത്തിക്കുന്നതെന്ന കാര്യം ഉറപ്പുവരുത്തേണ്ടത് എ ഇ ഒ യുടെ ചുമതലയാണ്.



ഇരിട്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായി ചുമതലയേറ്റ ജെയ്സൺ മമ്പള്ളിക്കുന്നേൽ

തലശ്ശേരി അതിരൂപതയിലെ കോർപ്പറേറ്റിന് കീഴിലുള്ള വിവിധ സ്കൂളുകളിൽ താൽക്കാലിക അധ്യാപകനായാണ് മാഷ് തന്റെ ഔദ്യോഗികജീവിതം ആരംഭിച്ചത്. പിന്നീട് പി. എസ്. സി. പരീക്ഷ എഴുതി ഇരിക്കൂർ, ആറളം, മണത്തണ, പടിയൂർ ഗവ.സ്കൂളുകളിൽ അദ്ധ്യാപകനായി. തുടർന്ന് സ്ഥാനക്കയറ്റം ലഭിച്ച് ഇടുക്കി ചെറുതോണി സ്കൂളിലും വയനാട് വാരാമ്പറ്റ സ്കൂളിലും പ്രധാനാധ്യാപകനായി.

'മേലുദ്യോഗസ്ഥനെ കാണുമ്പോൾ അസ്വസ്ഥമാക്കുന്ന രീതിയിലാണ് നല്ലൊരു ശതമാനം സർക്കാർ ജീവനക്കാരുടെയും മനോനിലയുടെ ക്രമീകരണം. എന്നാൽ ജെയ്സൺ മാഷിന്റെ കാര്യത്തിൽ നേരെ തിരിച്ചാണ്. ശരാശരി വാശിക്കാരായ പല അധ്യാപകരും അദ്ദേഹത്തിന് കീഴിൽ ശാന്തമായും സ്വാഭാവികമായും ജോലി ചെയ്യുന്നു. കാരണം മാഷ് ഒരിക്കലും കാര്യങ്ങളെ സങ്കീർണ്ണമാക്കുന്ന മേലുദ്യോഗസ്ഥനായിരുന്നില്ല. ഞങ്ങളുടെ സ്കൂളിന്റെ ഭൗതികമായ വളർച്ചയ്ക്കുവേണ്ടി മാഷ് ഏറെ അധ്വാനിച്ചിട്ടുണ്ട്. ജോലി ചെയ്തതിലേക്കും വച്ച് മാഷിന് ഏറ്റവും ഇഷ്ടപെട്ട സ്ഥലവും വാരാമ്പറ്റ സ്കൂൾ തന്നെയായിരുന്നു'. വാരാമ്പറ്റ സ്കൂളിലെ അധ്യാപകനും മാഷിന്റെ സഹപ്രവർത്തകനുമായിരുന്ന ദീപു ആന്റണി പറഞ്ഞു.

'പുതിയ ഉത്തരവാദിത്വം വലിയ വെല്ലുവിളി തന്നെയാണ്. സർക്കാർ നയങ്ങൾക്കെതിരെ വിവിധ അധ്യാപക-വിദ്യാർഥി സംഘടനകൾ സമരം സംഘടിപ്പിക്കുന്നത് എ ഇ ഒ ഓഫീസിന്റെ മുന്നിലാണ്. പിക്കറ്റിംഗും ധർണയും മൊക്കെയായി ഓഫീസ് പരിസരം എപ്പോഴും ആളുകളെക്കൊണ്ട് സജീവമാണ്. തീരുമാനങ്ങളിലുണ്ടാകുന്ന ചെറിയ പിഴവ് പിന്നീട് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയേക്കാം. വളരെ ശ്രദ്ധിച്ചാണ് എല്ലാക്കാര്യവും ചെയ്യുന്നത്. സ്വന്തം നാട്ടിൽ ജോലി ചെയ്യുകയെന്നത് ഏറെ ശ്രമകരമാണെങ്കിലും അഭിമാനാർഹമാണ്'. ജെയ്സൺ മാഷ് പറഞ്ഞു.

കുട്ടികൾക്ക് ഓൺലൈൻ പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി വിവിധ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ പഠനോപകരണങ്ങൾ വിതരണം ചെയ്യുമ്പോൾ അത് സ്വീകരിക്കുന്ന കുട്ടിയുടെ ചിത്രം പ്രദർശിപ്പിക്കരുതെന്ന കർശന നിർദേശം ഉപജില്ലയിലെ സ്കൂളുകൾക്ക് നൽകിയത് അദ്ദേഹം എ ഇ ഒ ആയതിനുശേഷമാണ്. കുട്ടികൾക്ക് പകരം മാതാപിതാക്കളായിരിക്കണം പഠനോപകരണങ്ങൾ ഏറ്റുവാങ്ങേണ്ടത്.

നല്ല ആയുർവേദ ചികിത്സകൻ കൂടിയാണ് മാഷ്. ജോലിത്തിരക്കുകൾ കൊണ്ട് ഇപ്പോൾ ചികിത്സയിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല. കോവിഡ് കാലമായതു കൊണ്ട് തിരുമ്മ് ചികിത്സയും നടത്തുന്നില്ല. എങ്കിലും ആവശ്യക്കാർക്ക് ആയുർവേദ കുഴമ്പുകൾ ഉണ്ടാക്കി നൽകാറുണ്ട്. പാവപെട്ടവർക്ക് തീർത്തും സൗജന്യമായാണ് ചികിത്സ നടത്തുന്നത്. മാഷിന്റെ ഭാര്യ ജാൻസി അങ്ങാടിക്കടവ് ഹൈസ്കൂൾ അധ്യാപികയാണ്. നെവിൻ, ജോവിൻ, ഡെൽവിൻ എന്നിവരാണ് മക്കൾ.

# മത്സ്യകൃഷിയിലെ വിജയഗാഥ



ജോസ് ചെറിയംപുറത്ത് തന്റെ മത്സ്യക്കുളത്തിന് സമീപം

**അഡാസിയോ ജോവാക്കിം**

അധികമാരും തിരഞ്ഞെടുക്കാത്ത മത്സ്യകൃഷി എന്ന സംരംഭത്തിൽ വിജയഗാഥ തീർത്ത് മാതൃകയാവുകയാണ് വാണിയപ്പാറ സ്വദേശിയായ ജോസ് ചെറിയംപുറത്തും അങ്ങാടിക്കടവ് പൂവത്തിങ്കൽ മാത്യുവും ആൽബിനും. സ്വന്തം വീട്ടുവളപ്പിൽ മറ്റ് കൃഷികളോടൊപ്പം മത്സ്യകൃഷിയും പരീക്ഷിച്ചാണ് ഇവർ നേട്ടം ഉണ്ടാക്കുന്നത്.

'ആലപ്പുഴയിൽ നിന്നും വാങ്ങിയ പതിനായിരം മത്സ്യകുഞ്ഞുങ്ങളെയാണ് നാല് കുളങ്ങളിലായി നിക്ഷേപിച്ചത്. സ്വന്തമായി നിർമ്മിച്ച കുളങ്ങളാണിവ. മത്സ്യക്കുഞ്ഞുങ്ങളെ വളർത്തിയെടുക്കാൻ ഒരു പ്രത്യേക കുളവും നിർമ്മിച്ചിട്ടുണ്ട്. 15 ദിവസത്തേക്ക് 50 കിലോ തീറ്റയാണ് മീനുകൾക്ക് നൽകുന്നത്'. മത്സ്യ കർഷകൻ ജോസ് ചെറിയംപുറത്ത് പറഞ്ഞു. ആറ് അടി താഴ്ചയുള്ള നാല് കുളങ്ങളിൽ കാർപ്പ്, തിലോപ്പിയ, കട്ല, പുല്ലുക, റോഹു, പങ്കേഷ്യസ് തുടങ്ങിയ മത്സ്യങ്ങളെയാണ് വളർത്തുന്നത്. വരുന്ന മാസങ്ങളിൽ പതിനായിരം മത്സ്യക്കുഞ്ഞുങ്ങളെ വിളവെടുക്കാനുള്ള തയ്യാറെടുപ്പിലാണ് ജോസ്. കുളത്തിനു മീതെ വലകൾ തീർത്ത് താറാവുകളെയും ജോസ് വളർത്തുന്നുണ്ട്. ആയിരം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിരിക്കുന്ന കുളത്തിൽ 45000 ലിറ്റർ വെള്ളമുണ്ട്. ജലലഭ്യത ക്രമീകരിക്കാൻ പമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

'ലോക്ക്ഡൗൺ സമയത്താണ് ഞാൻ മത്സ്യകൃഷി ആരംഭിച്ചത്. ഇതൊരു സാമ്പത്തിക ലാഭത്തിനു വേണ്ടി ചെയ്തതല്ല. 12 മീറ്റർ നീളവും 10 മീറ്റർ വീതിയും ഒന്നര മീറ്റർ ആഴമുള്ള കുളങ്ങളാണ് വ്യവസായിക അടിസ്ഥാനത്തിൽ മത്സ്യ കൃഷി ചെയ്യുന്നതിനാവശ്യം. ഇപ്പോഴുള്ള കുളത്തിന് പരിമിതികളുള്ളതിനാൽ കുളം പുതുക്കിപ്പണിയുന്നതിന്റെ ആലോചനയിലാണിപ്പോൾ. കുളത്തിലെ പി.എച്ച് മൂല്യത്തെക്കുറിച്ച് കൃത്യമായ ധാരണയുണ്ടെങ്കിലേ മാത്രമേ മത്സ്യ കൃഷി വിജയകരമായി കൊണ്ടു പോകാൻ സാധിക്കുകയുള്ളൂ'. മാത്യു പറയുന്നു.

'മത്സ്യകൃഷി എല്ലാവർക്കും ചെയ്യാൻ സാധിക്കും. നമ്മുടെ സമയം പൂർണ്ണമായും ഇതിനുവേണ്ടി നൽകണമെന്നില്ല. കൂടുതൽ അധ്വാനവും ക്ഷമയുമുണ്ടെങ്കിൽ ആറുമാസത്തിനുള്ളിൽ നല്ല വരുമാനം ഉണ്ടാക്കാം'. വിദ്യാർത്ഥിയായ ആൽബിൻ പറയുന്നു.

നിലവിൽ അയ്യൻകുന്ന് പഞ്ചായത്തിന്റെ കീഴിൽ 18 മത്സ്യ കർഷകരുണ്ട്. 32,000 മുതൽ 35,000 രൂപവരെ മത്സ്യ കർഷകർക്കായി ഗവൺമെന്റ് സഹായം നൽകുന്നുണ്ട്. അതിൽ ഇരുപതിനായിരം രൂപ കുളം നിർമ്മാണത്തിനായും ബാക്കി തുക ആറുമാസം മീനുകൾക്ക് തീറ്റ വാങ്ങുന്നതിനായും ഉപയോഗിക്കാം.

## കൃഷിഭവനിൽ തൈകളും വിത്തുകളും ഉടൻ വിതരണത്തിനെത്തും

കരിക്കോട്ടക്കരി കൃഷിഭവനിൽ തെങ്ങിൻ തൈകളും പച്ചക്കറി വിത്തുകളും ഉടൻ വിതരണത്തിൽ എത്തുമെന്ന് കൃഷി ഭവൻ ഓഫീസർ ജിംസി മരിയ അറിയിച്ചു. ഇതിനോടകം ലഭിച്ചു കഴിഞ്ഞ ആയിരം വിത്തുകൾ 60 വാർഡുകളിലായി നൽകിക്കഴിഞ്ഞു. കഴിഞ്ഞവർഷം ലഭിക്കാതെപോയ വിത്തുകളും തൈകളും കൂടി ഈ വർഷം ലഭിക്കും . ബാക്കിയുള്ളവയ്ക്കായുള്ള ഓർഡർ ഇതിനോടകം തന്നെ കൊടുത്ത് കഴിഞ്ഞു. പക്ഷെ ഇത് എന്നുവരും എന്നത് വ്യക്തമല്ല. മഴ കുറവായതിനാലാണ് ഇവ എത്താൻ വൈകുന്നത്.

100 രൂപയയുടെ തെങ്ങിൻതൈകൾ 50 രൂപയ്ക്കും 250 രൂപയ്ക്ക് വരുന്ന ഹൈബ്രിഡ് തൈകൾ 150 രൂപയ്ക്കുമാണ് കർഷകർക്ക് വിതരണം ചെയ്യുന്നത് . വ്യത്യസ്ത തരത്തിലുള്ള തെങ്ങിൻ തൈകൾ ആയതു കൊണ്ട് തന്നെ അവയുടെ വില തൈകൾ എത്തിയതിനു ശേഷം മാത്രമേ പറയാൻ കഴിയുകയുള്ളുവെന്നും കൃഷി ഓഫീസർ ജിംസി മരിയ പറഞ്ഞു.

# പാമ്പ് ശല്യം രൂക്ഷം

**ഐശ്വര്യ സി ജേക്കബ്**

അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ പാമ്പ് ശല്യം വർധിക്കുന്നു. കർണാടക വനത്തോട് ചേർന്നു കിടക്കുന്നതു കൊണ്ട് തന്നെ മഴക്കാലത്ത് പുഴയിലൂടെ വനത്തിൽ നിന്നുള്ള പാമ്പുകൾ ഒഴുക്കി എത്തുന്നത് ഇവയുടെ ശല്യം വർധിക്കാൻ കാരണമാകുന്നു. മഴക്കാലത്ത് പൊത്തുകളിൽ മറ്റും വെള്ളം കയറുന്നത് മൂലം പാമ്പുകൾ മറ്റ് അഭയ സങ്കേതങ്ങൾ തേടുന്നു. ഇത് പഞ്ചായത്ത് നിവാസികൾക്ക് ഭീഷണിയായി തീർന്നിരിക്കുകയാണ്.

കച്ചേരിക്കടവ്, പാലത്തുംകടവ്, ചരൾ, അങ്ങാടിക്കടവ് തുടങ്ങിയ സ്ഥലങ്ങളിലാണ് പാമ്പുകളെ കൂടുതലായി കണ്ടുവരുന്നത്. 'കർണാടക വനത്തിൽ പാമ്പുകളെ വളർത്തുന്നതിനായി പാമ്പിൻ കുഞ്ഞുങ്ങളെ കൊണ്ടു വിടാറുണ്ട്. അവയാണ് മഴക്കാലത്ത് ബാരപുഴയിലൂടെ പഞ്ചായത്തിലെ താഴ്ന്ന പ്രദേശമായ കച്ചേരിക്കടവ് തുടങ്ങിയ പ്രദേശങ്ങളിലേക്ക് എത്തി കരയിലേക്ക് കയറുന്നത് . പിന്നീട് പാമ്പുകൾ ഈ സ്ഥലങ്ങൾക്ക് ഭീഷണിയായി തീരുന്നു. പുഴയുടെ തീരങ്ങളിൽ താമസിക്കുന്ന ആളുകളുടെ വിറകുപുര, വൈക്കോൽ കൂന തുടങ്ങിയ സ്ഥലങ്ങളിൽ ഇവ സങ്കേതം തേടാറുണ്ട്. വിഷമേറിയ പാമ്പുകളും ആ കൂട്ടത്തിൽ ഉണ്ട്' പ്രദേശവാസിയായ ജോജോ ജോസഫ് പറഞ്ഞു.

'പാമ്പ് കടിച്ചാൽ ചെയ്യേണ്ട പ്രഥമ ശുശ്രൂഷ എന്താണെന്ന് ഇപ്പോഴും പലർക്കും അറിയില്ല. ആദ്യം തന്നെ പാമ്പ് കടിച്ച ആളെ പേടിപ്പിക്കാതെ ഇരിക്കുക കാരണം പേടിക്കുമ്പോൾ ഹാർട്ട് ബീറ്റ് വർധിച്ച് രക്തയോട്ടം കൂടി വിഷം വ്യാപിക്കാൻ ഉള്ള സാധ്യത കൂടുതലാണ്. അതിനാൽ തന്നെ അവരെ പേടിപ്പിക്കാതിരിക്കുക. പിന്നീട് മുറിവ് സോപ്പ് ഉപയോഗിച്ച് കഴുകി വൃത്തി ആക്കുക. സ്കേയിൽ കൊണ്ടോ കനമില്ലാത്ത നേരെയുള്ള മരക്കഷണം കൊണ്ടോ ബാൻഡ് എയ്ഡ്ന്റെ സഹായത്തോടെ കെട്ടിവയ്ക്കുക മുറിവ് അനങ്ങാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്, മുറിവിൽ തട്ടാതിരിക്കാൻ ശ്രദ്ധിക്കണം. കെട്ട് മുറുകാതെ ശ്രദ്ധിക്കണം. കടിയേറ്റ ആളെ നടത്താരുത് എന്നതാണ് കൂടുതലും ശ്രദ്ധിക്കേണ്ടത്. ആശുപത്രി എത്തിയാൽ ഉടനെ നിരീക്ഷണത്തിൽ ആകുകയാണ് ചെയ്യുക. രോഗിക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ മാത്രമേ ആന്റി സ്നേക് വെനം നൽകുകയുള്ളൂ. ഓരോ പാമ്പിനും വിഷം



വ്യത്യസ്തമായതുകൊണ്ട് ഡിസ്ചാർജ് ലഭിക്കുന്ന സമയവും വ്യത്യസ്തമായിരിക്കും'. എന്ന് ഡോക്ടർ ജിത്തുമോൾ അലക്സ് പറഞ്ഞു.

ഇരിട്ടിയിൽ അമല മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, സ്കൈ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഉം ആന്റിസ്നേക് വെനം ലഭ്യമാണ്. പാമ്പുകടിയേറ്റവരുടെ എല്ലാ ചികിത്സാ ചെലവും സർക്കാരാണ് വഹിക്കുന്നത് .

# അഭിനന്ദനങ്ങൾ...



അങ്ങാടിക്കടവ് സ്വദേശിയായ കുട്ടിയമ്മ തണങ്ങാട്ട് വെളിമാനം സെന്റ്. സെബാസ്റ്റ്യൻസ് ഹൈസ്കൂൾ പ്രധാന അധ്യാപികയായി നിയമിതയായി.



അങ്ങാടിക്കടവ് സ്വദേശിയായ സുജ ആന്റണി പടലോടിയിൽ ചരൾ സെന്റ്. സെബാസ്റ്റ്യൻസ് എൽ പി സ്കൂൾ പ്രധാന അധ്യാപികയായി സ്ഥാനമേറ്റു.



ചരൾ സ്വദേശിയും കുന്നോത്ത് സെന്റ്. ജോസഫ് ഹൈസ്കൂൾ അധ്യാപകനുമായിരുന്ന ദേവസ്യ ശൗര്യാംതൊട്ടത്തിൽ സെന്റ്. ജോസഫ് യു പി സ്കൂൾ പ്രധാന അദ്ധ്യാപകനായി ചുമതലയേറ്റു.



അങ്ങാടിക്കടവ് സ്കൂളിൽ നിന്ന് എടൂർ സെന്റ്. മേരീസ് ഹൈസ്കൂൾ പ്രധാന അധ്യാപികയായി ചുമതലയേറ്റു സിസിലി ജോസഫ്.

വാർത്തകൾക്കും പരസ്യത്തിനും വിളിക്കൂ... 9496698531

For private circulation only

എഡിറ്റോറിയൽ ടീം – ചീഫ് എഡിറ്റർ ആന്റ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: പ്രവിൺ പി. എഫ്. | എഡിറ്റർ ഇൻ ചാർജ്: അമൃത സുരേന്ദ്രൻ | സബ് എഡിറ്റേഴ്സ്: ജോബിൻ ജേക്കബ്, വിപിൻ വില്ല്യം, അഡാസിയോ ജോവാക്കിം, മിൻസിയ നസ്രി, അനുശ്രീ. കെ, ഐശ്വര്യ സി ജേക്കബ് | ഫോട്ടോഗ്രാഫേഴ്സ്: ജോബിൻ ജേക്കബ് , അഡാസിയോ ജോവാക്കിം | ഡിസൈൻ: വിപിൻ വില്ല്യം